(ഇ) കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് വീതിച്ചുനൽകുന്ന ഫണ്ട്, പദ്ധതി സഹായം, ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ ഗണങ്ങളിൽപ്പെടുന്നതാണ്. പദ്ധതി സഹായം സംബന്ധിച്ച വിശദാംശങ്ങൾ ഇപ്പോൾ കണക്കാക്കാൻ കഴിയാത്ത സാഹചര്യം മുകളിൽ (സി) വിഭാഗം ചോദ്യത്തിനുത്തരമായി നൽകിയിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് സംസ്ഥാനത്തിന് പൊതുവെ ഗുണകരമാണ്. 2014-15-ൽ കേന്ദ്രനികുതികളിൽ നിന്നുള്ള സംസ്ഥാനത്തിന്റെ വിഹിതം 7926.29 കോടി രൂപയായിരുന്നു. ഇത് 2015-16-ൽ 13121.77 കോടി രൂപയായി ഉയരാൻ സാദ്ധ്യതയുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് 2014-15-ലെ മുകയായ 9493.87 കോടി രൂപയിൽ നിന്നും 9946.28 കോടി രൂപയായി വർദ്ധിക്കുന്നതാണ്. ഇത് കാണിക്കുന്നത് കേന്ദ്രനികുതികൾ, ഡ്യൂട്ടികൾ എന്നിവയുടെ സംസ്ഥാനത്തിനുള്ള വിഹിതത്തിൽ 65% വർദ്ധനവുണ്ടാകുമെന്നാണ്.

(എഫ്) വിലയിരുത്തിയിട്ടില്ല.

കേരള പരിപ്രേക്ഷ്യ പദ്ധതി 2030

79 (3046) ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണ ബോർഡ് കേരള പരിപ്രേക്ഷ്യ പദ്ധതി 2030-ന് രൂപം കൊടുത്തിട്ടുണ്ടോ ;

(ബി) പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) പദ്ധതിക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കിയത് ആരാണെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകൾക്കാണ് പദ്ധതിയിൽ മുൻതൂക്കം നൽകിയിട്ടുള്ളതെന്നും വിശദാംശം എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നോർഡിക് രാജ്യങ്ങളായ ഫിൻലാൻഡ്, നോർവേ, ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിൽ 'സുസ്ഥിര അഭിവൃദ്ധി' (sustainable prosperity) കൈവരിക്കുകയാണ് പദ്ധതി പരിപ്രേക്ഷ്യ 2030-ന്റെ ദൗത്യം (mission). സുസ്ഥിര അഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട്-സാമ്പത്തിക അഭിവൃദ്ധി, മാനവിക അഭിവൃദ്ധി, സാമൂഹിക അഭിവൃദ്ധി, ഹരിത സുസ്ഥിരത. കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ സംക്ഷിപ്തം അനുബന്ധമായി നൽകിയിട്ടുണ്ട്.*

(സി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാന ആസൂത്രണ ബോർഡാണ് പദ്ധതി പരിപ്രേക്ഷ്യ 2030 തയ്യാറാക്കിയത്.

(ഡി) കൃഷി അനുബന്ധ മേഖലകൾ, വ്യവസായം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ഗ്രാമ-നഗര വികസനം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ജലവിഭവം, ശാസ്ത്രസാങ്കേതികം, ഊർജ്ജം, തൊഴിലവസരസൃഷ്ടി, പ്രവാസികളും കുടിയേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് റിപ്പോർട്ടിൽ മുൻതൂക്കം നൽകിയിട്ടുണ്ട്.

പാൽ ഉല്പാദനം

80 (3047) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.